## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

കെ.എസ്.എസ്.എം/479/2023-പി4

തിരുവനന്തപുരം,
തീയതി: 15/05/2023

### പുതുക്കിയ വ്യക്തിവിവരങ്ങൾ

ആശ്വാസകിരണം പദ്ധതി പ്രകാരം താങ്കൾക്ക് ധനസഹായം അനുവദിക്കുന്നതിനായി താഴെ പറയുന്ന വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ തിരുവനന്തപുരത്തെ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (ഇത് പൂരിപ്പിക്കുന്നതിന് മുമ്പായി താഴെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കുക.)

1. ഗുണഭോക്താവിന്റെ (പരിചാരകന്റെ) പേര്
   (English/Malayalam) :

2. രജിസ്റ്റർ നമ്പർ (ഉണ്ടെങ്കിൽ) :
   (താങ്കൾക്ക് മണിയോർഡർ ആയി തുക ലഭിച്ചിട്ടുണ്ടെങ്കിൽ അഡ്രസിന്റെ കൂടെയുള്ള FN എന്ന അക്ഷരത്തിൽ തുടങ്ങുന്നതാണ് രജിസ്റ്റർ നമ്പർ)

3. സ്ത്രീ/പുരുഷൻ/മറ്റുള്ളവർ , വയസ്സ് :

4. പരിചാരകന്റെ മേൽവിലാസം (പിൻകോഡ് സഹിതം) :

5. പരിചാരകന്റെ ഫോൺ നമ്പർ :

6. പരിചാരകന്റെ ആധാർ കാർഡ് നമ്പർ :

7. പരിചാരകന്റെ അക്കൗണ്ട് വിവരങ്ങൾ :
   (ബാങ്കിന്റെ പേര്, ബ്രാഞ്ച്, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി നമ്പർ).

8. രോഗിയുടെ പേര് (English/Malayalam) :

9. സ്ത്രീ/പുരുഷൻ/മറ്റുള്ളവർ, വയസ്സ് :

10. രോഗിയുടെ മേൽവിലാസം (ഫോൺ നമ്പർ സഹിതം) :

11. രോഗവിവരം :

12. രോഗിയുടെ ആധാർ നമ്പർ :

13. രോഗിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ (ഉണ്ടെങ്കിൽ മാത്രം) :

14. രോഗിയുമായി പരിചാരകന്റെ ബന്ധം :

15. ഐ.സി.ഡി.എസ് ബ്ലോക്കിന്റെ പേര് :

16. പഞ്ചായത്തിന്റെ പേര് :

17. വാർഡിന്റെ നമ്പരും പേരും :

18. പരിചാരകന്റെ വരുമാനം സംബന്ധിച്ചുള്ള വിവരങ്ങൾ :

**മറ്റു വിവരങ്ങൾ**

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരുമായ വരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

**ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്**

- ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത, എന്നിവ കൂടാതെ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളുടെ പരിചാരകരും ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കളാണ്.
- വരുമാനപരിധി - വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെയാണ്.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.

## പ്രധാന നിർദ്ദേശങ്ങൾ

1. ഭാഗികമായി പൂരിപ്പിച്ച/അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2. അപേക്ഷയിൽ പൂരിപ്പിക്കുന്ന എല്ലാ ഡീറ്റയിൽസിന്റേയും വ്യക്തമായി കാണാൻ സാധിക്കുന്ന കോപ്പികൾ കൂടെ അയക്കേണ്ടതാണ്. (പരിചാരകൻ, രോഗി എന്നിവരുടെ ആധാറിന്റെ കോപ്പി, ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, വരുമാനം തെളിയിക്കാൻ കിടപ്പുരോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡിന്റെ/ ബിപിഎൽ സർട്ടിഫിക്കറ്റിന്റെ/വരുമാന സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ.)

3. നിലവിൽ ഇടപാടുകളുള്ള/സജീവമായ ബാങ്ക് അക്കൗണ്ട് നമ്പർ മാത്രം നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് ബാങ്ക് അക്കൗണ്ട് മാറ്റാൻ സാധിക്കുന്നതല്ല. ബാങ്ക് പാസ്സ് ബുക്കിൽ പരിചാരകന്റെ അക്കൗണ്ട് നമ്പരും, പേരും, ഐ.എഫ്.എസ്.സി.യും ഉൾപ്പെട്ട പേജിന്റെ വ്യക്തമായി കാണാൻ സാധിക്കുന്ന കോപ്പി ആണ് വയ്ക്കേണ്ടത്.

4. രോഗ വിവരം സാക്ഷ്യപ്പെടുത്തുന്നതിനായി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ഡോക്ടർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി വയ്ക്കേണ്ടതാണ്.

5. ശിശുവികസന പദ്ധതി ഓഫീസർ/ഏതെങ്കിലും ഗസറ്റഡ് ഓഫീസർ ഇവരിൽ ആരെങ്കിലും ഒരാൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ലൈഫ് സർട്ടിഫിക്കറ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. ലൈഫ് സർട്ടിഫിക്കറ്റിൽ ഓഫീസ് സീലും, ഒപ്പും, തീയതിയും നിർബന്ധമായും ഉണ്ടായിരിക്കണം. അല്ലാത്തവ നിരസിക്കുന്നതാണ്.

6. പൂരിപ്പിച്ച അപേക്ഷയോടൊപ്പം, ലൈഫ് സർട്ടിഫിക്കറ്റും, ആവശ്യമായ രേഖകളും സഹിതം നേരിട്ടോ, **എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം-695012** എന്ന മേൽവിലാസത്തിലേക്ക് സാധാരണ പോസ്റ്റായോ അയച്ചുതരേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

### <u>ആശ്വാസകിരണം ലൈഫ് സർട്ടിഫിക്കറ്റ്</u>

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതി ഗുണഭോക്താവായ ശ്രീ/ശ്രീമതി. (പേരും അഡ്രസ്സും)...........................................................................................

...........................................................................................................

എന്ന വ്യക്തിയും രോഗിയായ ശ്രീ/ശ്രീമതി...................................................................................

...........................................................................................................

എന്ന വ്യക്തിയും ഇന്നേ ദിവസം ജീവിച്ചിരിപ്പുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം......................

തീയതി.....................

ശിശുവികസന പദ്ധതി ഓഫീസർ/
ഏതെങ്കിലും ഗസറ്റഡ് ഓഫീസർ

(ഓഫീസ് സീലും, ഒപ്പും, തീയതിയും)